"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഹോമിയോപ്പതി വകുപ്പ് – ഇടുക്കി ജില്ലയിലെ വാത്തിക്കുടി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്–II ശ്രീമതി നിഖിത എൻ.-ന് അനുകമ്പാർഹമായ അന്തർജില്ലാ സ്ഥലംമാറ്റം – അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(കൈ) നം.18/2026/AYUSH തീയതി, തിരുവനന്തപുരം, 15-03-2026

---

പരാമർശം:- (1) സ.ഉ.(പി)നം.36/91/പി&എ.ആർ.ഡി. തീയതി 02/12/1991.

(2) കണ്ണൂർ ജില്ലാ കളക്ടറുടെ 22/09/2025-ലെ DCKNR/13375/2024-H3 - നമ്പർ കത്ത്.

(3) ശ്രീ.പ്രകാശ് ബാബു സി., നിമിഷ നിവാസ്, പാപ്പിനിശ്ശേരി വെസ്റ്റ് പി.ഒ., കണ്ണൂർ സമർപ്പിച്ച 20/01/2026, 17/02/2026 എന്നീ തീയതികളിലെ അപ്പീൽ അപേക്ഷകളും, അതിനോടൊപ്പം ഉൾക്കൊള്ളിച്ചിരുന്ന മെഡിക്കൽ റിപ്പോർട്ടും.

(4) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 07/02/2026-ലെ DHTVM/211/2026-EA5 - നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ വാത്തിക്കുടി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്–II ആയ ശ്രീമതി നിഖിത എൻ.-ന് രോഗിയായ കുഞ്ഞിന്റെ പരിചരണത്തിനും ആവശ്യമായ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനുമായി ടിയാളുടെ സ്വദേശത്തോട് അടുത്തുള്ള ജില്ലയിലേയ്ക്ക് അനുകമ്പാർഹമായ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം

അപേക്ഷ സമർപ്പിച്ചിരുന്നു.

2. ശ്രീമതി നിഖിത എൻ.-ന്റെ രണ്ടര വയസ്സുള്ള മകൻ ‘Cyclic Neutropenia’ (Primary Immuno Deficiency Disorder) എന്ന ഗുരുതരമായ രോഗം ബാധിച്ചിട്ടുള്ളതും ഇടുക്കി ജില്ലയിലെ കാലാവസ്ഥ കുട്ടിയുടെ ആരോഗ്യനിലയ്ക്ക് ഹാനികരമാണെന്നുമുള്ള മെഡിക്കൽ ബോർഡ് റിപ്പോർട്ട് പ്രസ്തുത അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്–II തസ്തികയിൽ നിലവിൽ ഒഴിവുകൾ ലഭ്യമല്ലെന്നും കാസർഗോഡ് ജില്ലയിൽ പ്രസ്തുത തസ്തികയിൽ വിരമിക്കൽ മൂലം 01/05/2026-ന് ഒരു ഒഴിവ് നിലവിൽ വരുന്നതായും ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ഈ കേസ് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ [പരാമർശം (1) ഉത്തരവിലെ ഖണ്ഡിക (5)യും (6)യും പ്രകാരമുള്ള വ്യവസ്ഥകൾ] ഇളവ് അനുവദിച്ചു , ഇടുക്കി ജില്ലയിലെ വാത്തിക്കുടി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്–II ആയ ശ്രീമതി നിഖിത എൻ.-ന് കാസർഗോഡ് ജില്ലയിലേയ്ക്ക് അനുകമ്പാർഹമായ അന്തർജില്ലാ സ്ഥലംമാറ്റം ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>**വ്യവസ്ഥകൾ**</u>

1. കാസർഗോഡ് ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്–II തസ്തികയിൽ വിരമിക്കൽ മൂലം 01/05/2026-ന് ഉണ്ടാകുന്ന ഒഴിവിലേക്ക് ടിയാളെ അന്തർജില്ലാ സ്ഥലംമാറ്റം ചെയ്ത് നിയമിക്കേണ്ടതാണ്.

2. ഭാവിയിൽ അപേക്ഷകയുടെ സ്വദേശമായ കണ്ണൂർ ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്–II തസ്തികയിൽ ഉണ്ടാകുന്ന ആദ്യത്തെ ഒഴിവിലേക്ക് ടിയാളെ മുൻഗണനാപൂർവ്വം അന്തർജില്ലാ സ്ഥലംമാറ്റം നൽകി നിയമിക്കുന്നതിന് ഹോമിയോപ്പതി വകുപ്പ് മേധാവി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**3.** മേൽ ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഹോമിയോപ്പതി വകുപ്പ് മേധാവി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം.
2. ശ്രീമതി നിഖിത എൻ., ഫാർമസിസ്റ്റ് ഗ്രേഡ്–II, സർക്കാർ ഹോമിയോ ഡിസ്പെൻസറി, വാത്തിക്കുടി, ഇടുക്കി. (ഹോമിയോപ്പതി വകുപ്പ് മേധാവി മുഖേന)
3. ജില്ലാ കളക്ടർ, കണ്ണൂർ. (22/09/2025-ലെ DCKNR/13375/2024-H3 - നമ്പർ കത്ത് പ്രകാരം)
4. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), ഇടുക്കി/കാസർഗോഡ്/കണ്ണൂർ
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
6. ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (ഉപദേശ-എ) വകുപ്പ്. (21/10/2025-ലെ Adv-A3/235/2025-P&ARD - നമ്പർ കുറിപ്പ് പ്രകാരം)
7. പൊതുഭരണ (എസ്.സി.) വകുപ്പ്. (ഇനം നമ്പർ - 3965 തീയതി 13/03/2026)
8. വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
9. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 15-03-2026 12:38:24

സെക്ഷൻ ഓഫീസർ.

-55-

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 13-03-2026

ഫയൽ നം. ആയുഷ്-സി2/216/2024-ആയുഷ്. ഇനം നം: 3965

വിഷയം : ആയുഷ് വകുപ്പ് - ഇടുക്കി ജില്ലയിലെ വാത്തിക്കുടി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ് II ആയ ശ്രീമതി. നിഖിത.എൻ-ന്, കാസർഗോഡ് ജില്ലയിലേയ്ക്ക് അനുകമ്പാർഹമായ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആയുഷ് വകുപ്പ്.

3965

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | ആയുഷ്-സി2/216/2024-ആയുഷ് |
| 2 | വകുപ്പ് | ആയുഷ് (സി) വകുപ്പ് |
| 3 | വിഷയം | ഇടുക്കി ജില്ലയിലെ വാത്തിക്കുടി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II ആയ ശ്രീമതി നിവിത എൻ.-ന്, കാസർഗോഡ് ജില്ലയിലേയ്ക്ക് അനുകമ്പാർഹമായ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത് - സംബന്ധിച്ച്:- |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 11/03/2026 |
| 5 | i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അല്ല<br>ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾള്ളിച്ചിട്ടുണ്ടോ? | ആലോചിച്ചിട്ടുണ്ട്.<br>ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി സീമ എസ്. |
| 8 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.രാജൻ നാംദേവ് ഖോബ്രഗഡെ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 12/03/2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 13/03/2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി വീണാ ജോർജ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 13/03/2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 13/03/2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും, തീയതിയും. | |

- 51 -

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

(80) ഇടുക്കി ജില്ലയിലെ വാത്തിക്കുടി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II ആയി ജോലി ചെയ്യുന്ന ശ്രീമതി നിഖിത എൻ. അവരുടെ രോഗബാധിതനായ കുഞ്ഞിന്റെ പരിചരണത്തിനും ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി കാസർഗോഡ് ജില്ലയിലേയ്ക്ക് അനുകമ്പാർഹമായ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കണമെന്ന അഭ്യർത്ഥനയാണ് ഈ കുറിപ്പിൽ പരിഗണിക്കുന്നത്.

81) (2) അന്തർജില്ലാ സ്ഥലംമാറ്റം സംബന്ധിച്ചുള്ള 02/12/1991-ലെ സ.ഉ.(പി)നം.36/91/ഉഭപവ. നമ്പർ ഉത്തരവിലെ ഖണ്ഡിക 5-ലെ വ്യവസ്ഥകൾ ശ്രീമതി നിഖിത എൻ.യുടെ കാര്യത്തിൽ പരിഗണനാർഹമാണെങ്കിലും, നിലവിൽ ഹോമിയോപ്പതി വകുപ്പിൽ കണ്ണൂർ ജില്ലയിൽ 2025 വർഷത്തിൽ ഫാർമസിസ്റ്റ് തസ്തികയിൽ ഒഴിവൊന്നും ഇല്ലായെന്നും 31/05/2026-നാണ് അടുത്ത ഒഴിവ് പ്രതീക്ഷിക്കപ്പെടുന്നതെന്നും കണ്ണൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിലെ ഖണ്ഡിക 6-ലെ വ്യവസ്ഥകൾ നിലവിലെ സാഹചര്യത്തിൽ പാലിക്കാൻ കഴിയാത്തതിനാൽ, ശ്രീമതി നിഖിത എൻ.-ന് ഇടുക്കി ജില്ലയിൽ നിന്നും അപേക്ഷകയുടെ സ്വദേശമായ കണ്ണൂർ ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം നിലവിൽ പരിഗണിക്കാൻ സാധ്യമല്ലെന്ന വിവരം ഉചിത തലത്തിൽ ഉത്തരവെടുത്ത് 01/11/2025-ന് ഹോമിയോപ്പതി വകുപ്പ് മേധാവിയെ അറിയിച്ചിരുന്നതാണ്.

82) (3) തുടർന്ന്, ശ്രീമതി നിഖിത എൻ.-ന് കണ്ണൂർ ജില്ലയിൽ (01/06/2026-ന് ഉണ്ടാകുന്ന റിട്ടയർമെന്റ് ഒഴിവ്) അല്ലെങ്കിൽ കാസർഗോഡ് ജില്ലയിൽ (01/05/2026-ന് ഉണ്ടാകുന്ന റിട്ടയർമെന്റ് ഒഴിവ്) അനുകമ്പാർഹമായ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കണമെന്നാവശ്യപ്പെട്ട് ടിയാളുടെ പിതാവ് സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണനയിൽ വന്നിരുന്നു. പ്രസ്തുത അപേക്ഷയുടെ അടിസ്ഥാനത്തിൽ ഹോമിയോപ്പതി വകുപ്പ് മേധാവിയോട് ആവശ്യപ്പെട്ടതിനെ തുടർന്ന് ലഭ്യമാക്കിയ റിപ്പോർട്ടിലെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു:

- കണ്ണൂർ ജില്ലയിൽ ഫാർമസിസ്റ്റ് തസ്തികയിൽ വിരമിക്കൽ മൂലം 01/06/2026-ന് ഒരു ഒഴിവ് നിലവിൽ വരുന്നതാണ്. എന്നാൽ, പ്രസ്തുത തസ്തികയിലേക്ക് കണ്ണൂർ ജില്ലാ പി.എസ്.സി. ഓഫീസർ നിയമന ശിപാർശ നൽകിയിരുന്ന ഒരു ഉദ്യോഗാർത്ഥിക്ക് ഒഴിവ് ലഭ്യമല്ലാത്തതിനാൽ നിയമനം നൽകാൻ സാധിച്ചിരുന്നില്ല. അതിനാൽ, മുൻപ് നൽകിയിരുന്ന നിയമന ശിപാർശ റദ്ദ് ചെയ്ത് 01/06/2026-ന് നിലവിൽ വരുന്ന ഒഴിവിലേക്ക് മുൻപ് ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥിക്കുതന്നെ വീണ്ടും നിയമന ശിപാർശ നൽകുന്നതിനായി കണ്ണൂർ ജില്ലാ പി.എസ്.സി. ഓഫീസർക്ക് കത്ത് നൽകിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ, 01/06/2026-ന് ഉണ്ടാകുന്ന ഒഴിവിലേക്ക് ശ്രീമതി നിഖിത എൻ.-നെ പരിഗണിക്കാൻ സാധ്യമല്ല.
- കാസർഗോഡ് ജില്ലയിൽ ഫാർമസിസ്റ്റ് തസ്തികയിൽ വിരമിക്കൽ മൂലം 01/05/2026-ന് ഒരു ഒഴിവ് നിലവിൽ വരുന്നതായി ഹോമിയോപ്പതി വകുപ്പ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

83) ~~(4)~~ ശ്രീമതി നിഖിത എൻ.-ന് കണ്ണൂർ ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം മേൽവിവരിച്ച കാരണങ്ങളാൽ പരിഗണിക്കാൻ സാധ്യമല്ലാത്തതിനാൽ, കാസർഗോഡ് ജില്ലയിൽ ഫാർമസിസ്റ്റ് തസ്തികയിൽ വിരമിക്കൽ മൂലം 01/05/2026-ന് ഉണ്ടാകുന്ന ഒഴിവിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം പരിഗണിക്കാവുന്നതാണെന്ന് കാണുന്നു. ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ കാര്യാലയവുമായി നടത്തിയ ആശയവിനിമയത്തിൽ നിന്നും പ്രസ്തുത ഒഴിവ് (01/05/2026) ഇതുവരെ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും, അതിന് മേൽ മറ്റ് ക്ലെയിമുകളൊന്നുമില്ലെന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്.

84) ~~(5)~~ അപേക്ഷകയുടെ രണ്ടര വയസ്സുള്ള മകൻ 'Cyclic Neutropenia' എന്ന ഗുരുതരമായ ജന്മനാ ഉള്ള രോഗം (Primary Immuno Deficiency Disorder) ബാധിച്ചിരിക്കുകയാണെന്നും ഇടുക്കി ജില്ലയിലെ കാലാവസ്ഥ കുട്ടിയുടെ ആരോഗ്യത്തിന് ഹാനികരമാണെന്നും മെഡിക്കൽ ബോർഡ് സ്ഥിരീകരിച്ചിട്ടുള്ളതാണ്. അതിനാൽ, ഈ കേസ് തികച്ചും അനുകമ്പാർഹമായ സ്വഭാവമുള്ളതാണെന്ന് കാണുന്നു.

85) ~~(6)~~ ടി വിഷയം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ് ലഭ്യമാക്കിയ റിമാർക്സ് ചുവടെ ചേർക്കുന്നു.

**"ഇടുക്കി ജില്ലയിലെ വാത്തിക്കുടി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II ശ്രീമതി നിഖിത എൻ.-ന് രോഗിയായ കുഞ്ഞിന്റെ പരിചരണത്തിനും ചികിത്സാ സൗകര്യത്തിനുമായി ടിയാളുടെ സ്വദേശമായ കണ്ണൂർ ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കണമെന്ന വിഷയത്തിൽ, 02/12/1991 ലെ സ.ഉ.(പി)നം.36/91/പി&എ.ആർ.ഡി-യുടെ ഖണ്ഡിക 5, ഖണ്ഡിക 6 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഭരണ വകുപ്പിന് തീരുമാനമെടുക്കാവുന്നതാണെന്ന് അറിയിക്കുന്നു."**

86) ~~(7)~~ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള 5 വർഷത്തെ സർവീസ് നിബന്ധനയിൽ (Service Weightage) ഇളവ് നൽകുന്നതിനുള്ള വ്യവസ്ഥ 02/12/1991-ലെ സ.ഉ.(പി)നം.36/91/പി&എ.ആർ.ഡി. ഉത്തരവിലെ ഖണ്ഡിക 5-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച്, തികച്ചും അനുകമ്പാർഹമായ പ്രത്യേക സാഹചര്യങ്ങളിൽ 5 വർഷത്തെ നിബന്ധനയിൽ ഇളവ് അനുവദിക്കാവുന്നതും, അതിന് മന്ത്രിസഭയുടെ അംഗീകാരം അനിവാര്യമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതേസമയം, പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 6 പ്രകാരം ഒരു വർഷത്തിലെ ഒഴിവുകളുടെ 10% വരെ മാത്രമേ ഇത്തരത്തിൽ നികത്താൻ സാധിക്കൂ എന്ന നിബന്ധനയും നിലവിലുണ്ട്. മുകളിൽ വിവരിച്ച സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ, ഈ കേസ് ഒരു പ്രത്യേക കേസായി പരിഗണിച്ച് 5 വർഷത്തെ സർവീസ് നിബന്ധനയിൽ ഇളവ് അനുവദിക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരം അനിവാര്യമാണെന്ന് കാണുന്നു.

87) ~~(8)~~ മേൽ സാഹചര്യത്തിൽ, അപേക്ഷകയുടെ രണ്ടര വയസ്സുള്ള മകന്റെ അതീവ ഗുരുതരമായ ആരോഗ്യസ്ഥിതിയും മെഡിക്കൽ ബോർഡ് റിപ്പോർട്ടും, കൂടാതെ ഇക്കാര്യത്തിൽ ജില്ലാ കളക്ടർ നൽകിയ ശിപാർശ പരിഗണിച്ചും മാനുഷിക പരിഗണന മുൻനിർത്തിയും, ഇടുക്കി ജില്ലയിലെ വാത്തിക്കുടി സർക്കാർ ഹോമിയോ

ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്–II ആയ ശ്രീമതി നിഖിത എൻ.-ന്റെ അപേക്ഷ, 02/12/1991-ലെ സ.ഉ.(പി)നം.36/91/പി&എ.ആർ.ഡി. ഉത്തരവിലെ ഖണ്ഡിക 5 പ്രകാരമുള്ള 5 വർഷത്തെ സേവന നിബന്ധനയിലും, പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 6-ൽ പരാമർശിക്കുന്ന 10% ക്വാട്ട നിയന്ത്രണത്തിലും ഇളവ് അനുവദിച്ച്, താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിനായി ഒരു പ്രത്യേക കേസായി പരിഗണിക്കാവുന്നതാണ്.

(a) ശ്രീമതി നിഖിത എൻ.-ന്റെ സ്വദേശമായ കണ്ണൂർ ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്–II തസ്തികയിൽ നിലവിൽ ഒഴിവുകൾ ലഭ്യമല്ലാത്തതിനാൽ, കാസർഗോഡ് ജില്ലയിൽ പ്രസ്തുത തസ്തികയിൽ വിരമിക്കൽ മൂലം 01/05/2026-ന് ഉണ്ടാകുന്ന ഒഴിവിലേക്ക് ടിയാൾക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കാവുന്നതാണ്.

(b) എന്നാൽ, ഭാവിയിൽ കണ്ണൂർ ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്–II തസ്തികയിൽ ഉണ്ടാകുന്ന ഏറ്റവും ആദ്യത്തെ ഒഴിവിൽ ശ്രീമതി നിഖിതയെ സ്ഥലംമാറ്റം ചെയ്ത് നിയമിക്കണം എന്ന വ്യവസ്ഥ കൂടി പ്രസ്തുത സ്ഥലംമാറ്റ ഉത്തരവിൽ (കാസർഗോഡ് ജില്ലയിലേയ്ക്കുള്ള സ്ഥലം മാറ്റം) പ്രത്യേക നിബന്ധനയായി ഉൾപ്പെടുത്താവുന്നതാണ്.

(88) ~~91~~ മേൽ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

(89) ഇടുക്കി ജില്ലയിലെ വാത്തിക്കുടി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II ആയ ശ്രീമതി നിഖിത എൻ.-ന്, രോഗിയായ കുഞ്ഞിന്റെ പരിചരണത്തിനും ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി, 02/12/1991-ലെ സ.ഉ.(പി)നം.36/91/പി&എ.ആർ.ഡി. ഉത്തരവിലെ ഖണ്ഡിക 5 പ്രകാരമുള്ള 5 വർഷത്തെ സേവന നിബന്ധനയിലും, പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 6-ൽ പരാമർശിക്കുന്ന 10% ക്വാട്ട നിയന്ത്രണത്തിലും ഇളവ് അനുവദിച്ച് കാസർഗോഡ് ജില്ലയിലേയ്ക്ക് അനുകമ്പാർഹമായ അന്തർജില്ലാ സ്ഥലംമാറ്റം ചുവടെ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കാമോ?

1. കാസർഗോഡ് ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികയിൽ വിരമിക്കൽ മൂലം 01/05/2026-ന് ഉണ്ടാകുന്ന ഒഴിവിലേക്ക് ആദ്യം അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കണം.

2. കൂടാതെ, ഭാവിയിൽ അപേക്ഷകയുടെ സ്വദേശമായ കണ്ണൂർ ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികയിൽ ഉണ്ടാകുന്ന ഏറ്റവും ആദ്യത്തെ ഒഴിവിൽ ടിയാളെ സ്ഥലംമാറ്റം ചെയ്ത് നിയമിക്കണം.